കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എരഞ്ഞോളി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/106/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയതി : 02.03.2020.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

എരഞ്ഞോളി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: എരഞ്ഞോളി ഗ്രാമപഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

*******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ 1-13, 1-17, 1-18, 1-20 എന്നീ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഏയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/106/2020.

തീയതി: 02.03.2020.

## കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 13.11.2018 മുതൽ 19.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ശശികുമാർ.എം.പി.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.01.2020 മുതൽ 01.02.2020 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി.ലതവാണി.എൻ.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | |

| | |
|---|---|
| ശ്രീമതി.വനജ മാടത്താൻകണ്ടി | ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.രമ്യ.എ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.മാത്യു.കെ.എം | 01.04.18 മുതൽ 31.03.19 വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| കൃഷി ഓഫീസർ | | ശ്രീമതി.ലീന .എം.കെ | 01.04.2018 മുതൽ 19.02.2019 വരെ |
| | | ശ്രീമതി.സ്മിത.എസ് | 20.02.2019 മുതൽ 13.03.2019 വരെ |
| | | ശ്രീമതി.ജിനി ജേക്കബ് | 14.03.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വടക്കുമ്പാട് | ശ്രീമതി. ബിഷ.ടി.പി | 01.04.2018 മുതൽ 07.01.2019 വരെ |
| | | ശ്രീമതി.സുമിത.വി (അധികച്ചുമതല) | 08.01.2019 മുതൽ 31.03.2019 വരെ |
| | എരഞ്ഞോളി | ശ്രീമതി.സുമിത.വി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജ്ജൻ | | ഡോ.ദീപ.എ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയ്യുർവേദ | | ഡോ.ഷൈനി.കെ.കെ | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | | ഡോ.ഫഹദ് നിജിൽ | 01.04.2018 മുതൽ 17.08.2018 FN വരെ |
| | | ഡോ.ബിജോയ്.സി.പി | 17.08.2018ANമുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ.ഭാസ്കരൻ. കെ | 01.04.2018 മുതൽ 20.04.2018 വരെ |
| | | ശ്രീമതി.റിജിരാജ്.ഒ.സി | 21.04.2018 മുതൽ 19.06.2018 വരെ |
| | | | |

| | | |
|---|---|---|
| | ശ്രീ.ശശീന്ദ്രൻ.പി.കെ | 20.6.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സന്തോഷ്.പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. രജനി.പി.വി | 01.04.2018 മുതൽ 21.05.2018 FN വരെ |
| | ശ്രീമതി.സൂര്യ.ഇ | 21.05.2018AN മുതൽ 05.07.2018 FN വരെ |
| | ശ്രീമതി.സോന.എം.കെ | 05.07.2018AN മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.സുരേഷ് പറയത്താൻക്കണ്ടി | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം:


| ക്രമ നം. | വിവരണം | |
|---|---|---|
| ഭാഗം – 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധ നകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകങ്ങൾ. |
| 12 | 1-12 | തൊഴിൽ നികുതി -അപാകങ്ങൾ |
| 13 | 1-13 | എഫ് ടി ഇ & ഒ എസ് ലൈസൻസ് നടപ്പിലാക്കിയതിലെ അപാകങ്ങൾ |
| 14 | 1-14 | ഇ ടെണ്ടർ ഫീ - പഞ്ചായത്തിന് ലഭിക്കുന്നില്ല. |
| | | |

| | | |
|---|---|---|
| 15 | 1-15 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല:- |
| 16 | 1-16 | ഐ.കെ.എം വിഹിതം അടവാക്കൽ-2018-19 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 17 | 1-17 | കാർഷിക മേഖലയിലെ പ്രോജക്റ്റ് നടത്തിപ്പിലെ അപാകങ്ങൾ |
| 18 | 1-18 | മൃഗസംരക്ഷണം-പദ്ധതി പ്രകാരം പക്ഷിമൃഗാദികളെ വാങ്ങുന്നതിൽ പർച്ചേസിംഗ് കമ്മിറ്റി ഇടപെടൽ തൃപ്തികരമല്ല, മോണിട്ടറിംഗ് യഥാവിധി നടക്കുന്നില്ല |
| 19 | 1-19 | ജി.എസ്.ടി .കോമ്പെൻസേഷൻ നൽകൽ - അപാകങ്ങൾ – 55,135/- രൂപ തടസ്സപ്പെടുത്തുന്നു. |
| 20 | 1-20 | പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല |
| 21 | 1-21 | പ്രവൃത്തിയുടെ കരാർ വെക്കുന്നതിലെ കാലതാമസം |
| 22 | 1-22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി അപാകങ്ങൾ-₹1,00,000 തടസ്സപ്പെടുത്തുന്നു. |
| 23 | 1-23 | പട്ടികജാതി വിദ്യാർത്ഥികൾക്ക്പഠനോപകരണങ്ങൾ (മേശ,കസേര) -ലിമിറ്റഡ് ടെണ്ടർ വാങ്ങൽ രീതി നടപ്പാക്കാത്തത് |
| 24 | 1-24 | യു പി എസ് ലഭിച്ചില്ല, ₹4,245 തടസ്സപ്പെടുത്തുന്നു. |
| 25 | 1-25 | എസ്.എസ്.എ വിഹിതം നൽകൽ-വിശദമായ വിനിയോഗസാക്ഷ്യപത്രമില്ല |
| 26 | 1-26 | പാലിയേറ്റീവ് കെയർ പദ്ധതി - ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല. |
| ഭാഗം – 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 29 | 4-1 | വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 30 | 4-2 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 31 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 32 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 33 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 34 | 4-6 | സ്ഥിര നിക്ഷേപം |
| 35 | 4-7 | ഓഡിറ്റ് റിക്കവറി |
| 36 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 37 | 4-9 | ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക |
| 38 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 39 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 40 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 41 | അനുബന്ധം-2-1 | RECEIPT & PAYMENT STATEMENT |
| 42 | അനുബന്ധം-2-2 | INCOME & EXPENDITURE STATEMENT |
| 43 | അനുബന്ധം-2-3 | BALANCE SHEET |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

24.03.2018 തീയതിയിലെ 52/18 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 13.02.2019 തീയതിയിലെ 20/19 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| മുന്നിരിപ്പ് | 1,14,31,863.28 | മുന്നിരിപ്പ് | 1,39,43,784.28 |
| വരവ് | 11,39,25,150.00 | വരവ് | 10,28,80,889.00 |
| ആകെ | 12,53,57,013.28 | ആകെ | 11,68,24,673.28 |
| ചെലവ് | 11,80,93,319.00 | ചെലവ് | 10,65,10,486.00 |
| നീക്കിയിരിപ്പ് | 72,63,694. 28 | നീക്കിയിരിപ്പ് | 1,03,14,187.28 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 09.05.2019 | തിരിച്ചയച്ചിട്ടില്ല | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 52,46,191.28 |
| വരവ് | 5,92,38,705.00 |
| ആകെ | 6,44,84,896.28 |
| ചെലവ് | 4,95,36,964 |
| നീക്കിയിരിപ്പ് | 1,49,47,932.28 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,29,00,000 | 1,29,00,000 | 1,06,95,252 | 22,04,748 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 9,24,000 | 9,24,000 | 6,19,695 | 3,04,305 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 1,27,000 | 1,27,000 | - | 1,27,000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 61,69,000 | 61,69,000 | 61,69,000 | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 27,76,000 | 27,76,000 | 20,64,251 | 7,11,749 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 59,88,000 | 59,88,000 | 59,88,000 | - |
| സാക്ഷരത | | 1086.20 | 1,36,212 | 1,37,298.20 | 155 | 1,37,143.20 |
| ദുരിതാശ്വാസ നിധി | | 40,318 | 2,461 | 42,779 | - | 42,779 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1453.89 | 2,64,639.00 | 2,66,092.89 | 2,59,811.00 | 6,281.89 |
| | തൊഴിലാളികളുടെ കൂലി | | 67,09,620.48 | 67,09,620.48 | 67,09,620.48 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐ.സി.ഡി.എസ് | | 5,21,670 | 7,36,850 | 12,58,520 | 9,25,945 | 3,32,575 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| എം പി ഫണ്ട് | | 67,385 | 2,736 | 70,121 | 15 | 70,106 |
| ടി.എസ്.സി. | | 87902 | 7,57,500 | 845402 | 3,27,775 | 5,17,627 |
| ബി ഫണ്ട് | | | 3,56,680 | 3,56,680 | 3,56,680 | |
| സംസ്ഥാന സർക്കാർ ഫണ്ട് | | | | | | |
| കേരളോത്സവം | | 15,000 | 20,000 | 35,000 | - | 35,000 |
| വിമുക്തി | | 12,500 | 25,000 | 37,500 | 0 | 37,500 |
| ആരോഗ്യജാഗ്രത ഫണ്ട് | | 0 | 1,60,000 | 1,60,000 | 0 | 1,60,000 |
| ജീവ ധാര | | 1,588 | 0 | 1,588 | 0 | 1,588 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 9,98,200 | 13,50,267 | 23,48,467 | 19,97,562 | 3,50,905 |
| | ജില്ലാപഞ്ചായത്ത് | 5,74,175 | 12,71,210 | 18,45,385 | 7,71,210 | 10,74,175 |
| ഗുണഭോക്തൃ വിഹിതം | | 2,992.00 | 4,30,602 | 4,33,594 | 3,70,002 | 63,592 |
| തനത് ഫണ്ട് ** | ബാങ്ക് അക്കൗണ്ട് | 65,16,270 | 78,04,652 | 1,43,20,922 | 58,50,736 | 84,70,186 |
| | ട്രഷറി അക്കൗണ്ട് | (-)12,89,761 | 1,97,88,274 | 1,84,98,513 | 1,53,18,152 | 31,80,361 |

ജനറൽ പർപ്പസ് ഗ്രാന്റ് ₹89,25,059 ലഭിച്ചിട്ടുണ്ട്. ഈ ഗ്രാന്റിന് മാത്രമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ, ഈ ഇനത്തിന്റെ മുന്നിരിപ്പ് , ചെലവ് ,നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല . റവന്യൂ ഇൻസെന്റീവ് ₹77,462 ലഭിച്ചിട്ടുണ്ട്.

**തനത് ഫണ്ട് - സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ് ഇവിടെ ചേർത്തിരിക്കുന്നത് .

മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ലഭിച്ചതിൽ മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ട് പൊതു വിഭാഗത്തിൽ 83% ചെലവഴിച്ചിട്ടുണ്ട്. ഈ ഫണ്ടിൽ 14 ബില്ലുകൾ , ക്യൂ ബില്ലായതു കാരണമാണ് ചെലവ് കുറഞ്ഞത്. മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ ഒരു ബില്ലും ,വികസന ഫണ്ട്പട്ടികജാതി വിഭാഗത്തിൽ 2 ബില്ലും ക്യൂ ബില്ലായിട്ടുണ്ട്.

പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു കുടുംബം ഉണ്ടെങ്കിലും പട്ടിക വർഗ്ഗ ഉപപദ്ധതി പ്രകാരം അനുവദിക്കാവുന്ന ആനുകൂല്യങ്ങൾക്കുള്ള അർഹതമാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നവരല്ലാത്തതിനാൽ തുക സർക്കാരിലേയ്ക്ക് തിരിച്ചടക്കുകയാണ് ചെയ്തത്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 149 | 5,54,08,277.00 | 122 | 11 | 111 | 3,65,23,009.00 | 27 | 75 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 23,06,151 | 18 | 22,63,219 | 18 | 100 |
| വെറ്ററിനറി സർജൻ | 16,73,475 | 11 | 16,36,725 | 11 | 100 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 8,00,000 | 5 | 7,52,705 | 5 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 6,44,000 | 2 | 6,20,000 | 2 | 100 |
| ഹെഡ്മാസ്റ്റർ | 12,19,500 | 2 | 12,19,500 | 2 | 100 |
| വി.ഇ.ഒ | 81,49,720 | 13 | 66,05,005 | 12 | 92.3 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 33,37,618 | 5 | 30,99,159 | 5 | 100 |
| സെക്രട്ടറി | 63,36,995 | 19 | 25,57,156 | 14 | 73.68 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 2,87,89,818 | 65 | 1,66,99,503 | 44 | 67.69 |
| അസിസ്റ്റന്റ് സെക്രട്ടറി | 21,51,000 | 9 | 10,70,037 | 9 | 100 |
| ആകെ | 55408277 | 149 | 36523009 | 122 | 81.87 |

<u>ആസൂത്രണസമിതി:</u>

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവർഷങ്ങളിൽ രൂപീകരിച്ച ആസൂത്രണ സമിതി ഈ വർഷം പുന:സംഘടിപ്പിച്ചിട്ടില്ല. 21 അംഗങ്ങൾ ഉൾപ്പെടുന്ന ആസൂത്രണ സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്. 2018-19 പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി സർക്കാർ നിർദ്ദേശപ്രകാരമുള്ള പദ്ധതി നിർവ്വഹണ കലണ്ടർ അവതരണവുമായി ബന്ധപ്പെട്ട് 04.12.2017ന് യോഗം ചേർന്നിട്ടുണ്ട്. 08.02.2018 ന് 2018-19 പദ്ധതി രൂപീകരണ യോഗം ചേർന്നിട്ടുണ്ട്. അതിനു ശേഷം 12.03.2018 ന് വീണ്ടും യോഗം ചേർന്നിട്ടുണ്ടെങ്കിലും 33% പേർ മാത്രമാണ് പങ്കെടുത്തത്. തുടർന്ന് 01.10.2018ൽ യോഗം ചേർന്നിട്ടുണ്ട്. യോഗങ്ങളുടെയെല്ലാം മിനുട്ട്സ് കൃത്യമായി എഴുതുന്നുണ്ട്.

<u>വർക്കിംഗ് ഗ്രൂപ്പ്:</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യവർഷങ്ങളിൽ രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് ഈ വർഷം പുന:സംഘടിപ്പിച്ചിട്ടില്ല . 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 18.12.2017 ന് പൊതുയോഗം ചേർന്നിട്ടുണ്ട്. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും ശരാശരി 5 തവണ യോഗം ചേരുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും, ചില പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഉദാഃ- മെഡിക്കൽ ഓഫീസർ (പി എച്ച് സി) (ഖണ്ഡിക 1-27), കൃഷി ഓഫീസർ) (ഖണ്ഡിക 1-17 കാണുക).

ഗ്രാമസഭഃ തൻ വർഷം 16 വാർഡുകളിലും 3 വീതം ഗ്രാമസഭകളാണ് കൂടിയിട്ടുള്ളത്. ഗ്രാമസഭകളിൽ ക്വാറം തികയുന്നതിനുള്ള ജന പങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം, കരാറുകാരുടെ യോഗം, വ്യാപാരി വ്യവസായി യോഗം, പട്ടികജാതി ഗുണഭോക്താക്കളുടെ യോഗം, ഇക്കാലയളവിൽ ചേർന്നിട്ടുണ്ട്. പഞ്ചായത്ത് തല ജാഗ്രതോത്സവം, നവകേരള മിഷൻ യോഗം ചേർന്നിട്ടുണ്ടെങ്കിലും മിനുട്ട്സ് രേഖപ്പെടുത്തിയിട്ടില്ല.

വികസന സെമിനാർഃ

04.03.2018 ന് വികസന സെമിനാർ നടത്തിയിട്ടുണ്ട്. ഇതിൽ 127 പേർ പങ്കെടുത്തിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മിറ്റിഃ

ബജറ്റ് അംഗീകരിക്കൽ വിവിധ വരവ് ചെലവുകൾ അംഗീകരിക്കൽ പോലുള്ള പൊതുവായ നടപടികൾ നികുതി, നികുതിയേതര വരവുകളുടെ അവലോകനം എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ നടത്തിയിട്ടുണ്ട്. എല്ലാ മാസവും 10-ാം തീയതിയ്ക്ക് മുൻപ് കൂടുന്ന സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ റവന്യൂ വിവരങ്ങൾ പരിശോധിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തന അവലോകനം ഇടയ്ക്കിടെ നടത്തുന്നുണ്ട്. തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാനായി തീരുമാനമെടുത്തിട്ടുണ്ട്. സേവന സോഫ്റ്റ്‌വെയറിന്റേയും, മറ്റ് അന്വേഷണത്തിന്റേയും അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതായി കണ്ടെത്തിയാൽ അവരെ സേവന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനമെടുക്കുകയും, സസ്പെൻഡ് ചെയ്യുകയും ചെയ്യുന്നുണ്ട്.

ജില്ലാ ആസൂത്രണ സമിതി അംഗീകാരംഃ

വികസന സ്റ്റാന്റിംഗ് കമ്മറ്റി ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിൽ വന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് 2018-19 വർഷത്തെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 360/18/DPC/DPO/KNR തീയതി 23.03.2018 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട് .

പട്ടികജാതി ഉപ പദ്ധതി വിഹിതം ഉപയോഗിച്ച് പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി, ലാപ്ടോപ്പ്, പഠനോപകരണങ്ങൾ, വൃദ്ധജനങ്ങൾക്ക് കട്ടിൽ മുതലായവ നൽകിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷ പദ്ധതിയിൽ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ദൈനം ദിന നടത്തിപ്പ്, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, ഉപകരണ വിതരണം,

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കലാ മത്സരം, സാന്ത്വന പരിചരണം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 1,453.89 | 2,64,639.00 | 2,66,092.89 | 2,59,811.00 | 6,281.89 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 67,09,620.48 | 67,09,620.48 | 67,09,620.48 | |
| | 1,453.89 | 69,74,259.48 | 69,75,713.37 | 69,69,431.48 | 6,281.89 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13,680 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 21,16,400 | 166 |
| വിധവാപെൻഷൻ | 1,26,37,100 | 1036 |
| വാർദ്ധക്യകാലപെൻഷൻ | 2,61,35,900 | 2098 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 32,00,400 | 255 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2,70,000 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2020 11.30 am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹24,105 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് ചേരുന്നുണ്ട്. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ 2018-19 ലെ വാർഷിക ധനകാര്യപത്രിക കൃത്യ സമയത്ത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്

ഹാജരാക്കുവാനായി ഉത്തരവിറക്കിയിട്ടുണ്ട്. 100% നികുതി പിരിവ് എന്ന ലക്ഷ്യത്തിലെത്താൻ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഓരോ നികുതി പിരിവ് ജീവനക്കാരനും നിശ്ചിത ടാർജറ്റ് നൽകികൊണ്ട് ഉത്തരവാക്കിയിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തിൽ സെക്ഷനുകളുടെ ചുമതല പരസ്പരം കൈമാറിക്കൊണ്ട് ഉത്തരവാക്കിയിട്ടുണ്ടെങ്കിലും ജീവനക്കാർക്ക് ജോലി വിഭജിച്ചു കൊണ്ടുള്ള സമഗ്ര ഉത്തരവ് ഈ വർഷം പുറപ്പെടുവിച്ചിട്ടില്ല. ജീവനക്കാർ തൻപതിവേട് കൃത്യമായി എഴുതുന്നുണ്ടെങ്കിലും ഫയൽ മേലുദ്യോഗസ്ഥന് സമർപ്പിച്ചതിന്റെയോ തീർപ്പാക്കിയതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. റണ്ണിംഗ് നോട്ട് സൂക്ഷിക്കുന്നില്ല. തൻപതിവേട് രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂർത്തിയാക്കിയിട്ടില്ല. ഇൻകുംബെൻസി മാസ്റ്റർ രജിസ്റ്റർ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

ഫ്രണ്ട് ഓഫീസ് ഡയറിയിൽ ഫയൽ വിവിധ സെക്ഷനുകളിൽ നിന്നും ലഭിച്ച തീയതി, സേവനം നൽകിയ തീയതി എന്നിവ കൃത്യമായി എഴുതിയിട്ടില്ല രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതി സൂക്ഷിക്കുകയും മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ട ചുമതലകൾ നിർവ്വഹിക്കുയും ചെയ്താലേ ഗ്രാമപഞ്ചായത്തിന്റെ സുതാര്യവും സുഗമവുമായ നടത്തിപ്പ് സാദ്ധ്യമാകുകയുള്ളൂ.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.12.2019 | 1.10.2019 & 30.11.2019 | 12.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | (HQ) LBA 3 /8B 13.03.2008 | 1997-98 TO 2006-07 | 10.04.2008 |

# 1-11 വാർഷിക കണക്കിലെ അപാകങ്ങൾ.

1. വസ്തു നികുതി തൻവർഷത്തെ ഡിമാന്റ് വാർഷിക ധനകാര്യ പത്രിക പ്രകാരവും സഞ്ചയ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വാർഷിക കണക്കുകൾക്കൊപ്പം അടിസ്ഥാന അനുപാതങ്ങൾ, പ്രധാന അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3. തിരിച്ചു നൽകേണ്ടതില്ലാത്ത ഡെപ്പോസിറ്റുകൾ ₹ 799729 തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല.

4. Fixed asset depriciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate of depriciation, book value of Asset, life time of Asset) ലഭ്യമാക്കിയിട്ടില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

# 1-12 തൊഴിൽ നികുതി -അപാകങ്ങൾ

2018-19 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

1) എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് എൽ എസ് ജി ഡി സബ്ഡിവിഷൻ ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 4 പേരിൽ നിന്നും ₹1250, ₹1000 നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും റിട്ടേണിൽ ഇവരുടെ വരുമാന വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. വരുമാന വിവരം പരിശോധിക്കാതെ ഏതടിസ്ഥാനത്തിലാണ് ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതെന്ന് വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 09 /18-19, തീയ്യതി : 30.01.2020) ലഭ്യമാക്കിയ മറുപടിയിൽ അപാകം പരിഹരിച്ച് റിട്ടേൺ ഹാജരാക്കുന്ന എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) <u>ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>.

2018-19 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. (രജിസ്റ്റർ) | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | ഒടുക്കിയ ലൈസൻസ് ഫീ/ തീയ്യതി |
|---|---|---|---|
| 3 | ഷാജി.പി.പ്രകാശ്, പി.പി.ബി. സ്റ്റീൽ ഫർണിച്ചർ | 3 | 300/-, 117080104895, 07-02-2018 |
| 13 | പ്രതീശൻ സി, ഗ്രേസ് ഓട്ടോ വർക്സ് | 5 | 200/-, 117080104985, 14-02-2018 |
| 17 | ഷാജി ടി പി, തേക്കുംകാട്ടിൽ ഹെർബൽ പ്രോഡക്ട്സ് | 5 | 200/-, 117080105003, 14-03-2018 |
| 49 | മുനീർ കെ, സാം ടിമ്പേഴ്സ് & സോമിൽ | 5 | 4000/- 117080105136, 21-02-2018 |
| 86 | ശ്രീ.രഞ്ചിത്ത് കെ, ആദിത്യ ഓട്ടോ ഇലക്ട്രിക്കൽസ് | 3 | 300/-, 117080105277, 26-02-2018 |
| 90 | യു എ സുരേഷ്, | 3 | 500/-, 117080105288, |

| | | | |
|---|---|---|---|
| | എസ് ഡി ബോഡി വർക്സ് | | 26-02-2018 |
| 107 | പി സി സെഫിയ<br>മഹാറാണി റോളിംഗ് ഫാക്ടറി | 6 | 4000/-<br>117080105325,<br>27-02-2018 |
| 150 | പ്രമിൽ കെ കെ,<br>ബേക് ടെക് | 4 | 300/-,<br>117080105431,<br>01-03-2018 |
| 182 | ജയ്ദീപ് സി പി,<br>സതേൺ മോട്ടോഴ്സ് | 4 | 200/-,<br>117080105642,<br>15-03-2018 |
| 199 | ഷാജിത്ത് പി,<br>വുഡ്ടെക് | 5 | 400/-,<br>117080105727,<br>20-03-2018 |
| 200 | സി.കെ.ഹാരിസ്,<br>ആമിന തട്ടുകട | 4 | 500/-,<br>117080105732,<br>20-03-2018 |
| 206 | പ്രേമൻ പി,<br>ശൈലജ ഹോട്ടൽ | 5 | 500/-,<br>117080105776,<br>22-03-2018 |
| 234 | ഷിജോയ് ശ്രീധർ എം കെ<br>വിർജിൻ വെളിച്ചെണ്ണ, സോപ്പ്, ക്ലീനിംഗ് ഓയിൽ സംഭരണം, വിതരണം | 3 | 300/-,<br>117080100013,<br>03-04-2018 |
| 250 | സുരേന്ദ്രൻ പി<br>വിജയ ബെയ്ക്ക്സ് & സ്നാക്സ് | 5 | 200/-,<br>117080100546,<br>05-05-2018 |
| 284 | റോഷി ജിജി,<br>ഹെക്സാ എപിയേറിയം പ്രൈ. ലിമി. | 3 | 200/-,<br>117080101819,<br>16-07-2018 |
| 305 | സജിത പി,<br>രൂപശ്രീ വനിത കാന്റീൻ | 4 | 300/-,<br>117080103196,<br>12-10-2018 |
| 316 | സതീശൻ,<br>ട്യൂബ്സ് & ഹാർഡ്വേർസ് | 4 | 300/-,<br>117080104278,<br>12-11-2018 |

| | | | |
|---|---|---|---|
| 343 | മുഹമ്മദ് ഫിറോസ് കെ, വുഡ്സോൺ ഫർണിച്ചർ | 5 | 300/-, 117080105712, 18-01-2019 |

സെക്രട്ടറി നാളിതുവരെയായി മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടില്ല. 2018-19 വർഷത്തിൽ ആകെ 364 അപേക്ഷകളിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ രണ്ടിൽക്കൂടുതൽ പേർ ജോലി ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ച് തൊഴിൽ നികുതി ഒടുക്കേണ്ടവർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

3) <u>2018-19 വർഷം താഴെപ്പറയുന്ന വിഭാഗത്തിലുള്ളവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല</u>.

1. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികളിലെയും വർക്കർമാർ, ഹെൽപ്പർമാർ.

2. ഗ്രാമ പഞ്ചായത്തിലെ ലൈസൻസ്ഡ് എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ.

3. ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർമാർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ആവശ്യങ്ങൾക്കു നിയമിച്ച ഡ്രൈവർമാർ.

4. ഡ്രൈവിംഗ് സ്കൂൾ ഉടമകൾ, ജീവനക്കാർ.

5. ഗ്രാമ പഞ്ചായത്ത് 2018-19 വർഷം വിവിധ ആവശ്യങ്ങൾക്ക് ദിവസവേതനത്തിന് നിയമിച്ച ജീവനക്കാർ.

6. പാലിയേറ്റീവ് നേഴ്സ്.

7. ബഡ്സ് സ്കൂൾ സ്റ്റാഫ്

8. അക്ഷയ ഇ കേന്ദ്രം ഉടമ, ജീവനക്കാർ

4) എരഞ്ഞോളി ചുങ്കം കിൻഫ്ര പാർക്കിൽ ആകെ 23 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നാണ് ലൈസൻസ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ 3 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് 2018-19 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. 2018-19 വർഷം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

5) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി, സി, ഇ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-13 എഫ് ടി ഇ & ഒ എസ് ലൈസൻസ് നടപ്പിലാക്കിയതിലെ അപാകങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017ലെ GO(P)നം.80/17/ത.സ്വ.ഭ.വ. എസ്.ആർ.ഒ. നം.647/17, പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234 വകുപ്പുകളും 254 കൂട്ടി വായിച്ചതും 2017 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തുകയും ചട്ടങ്ങളുടെ പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ഫാക്ടറികളേയും വ്യാപാരങ്ങളേയും സംരംഭ പ്രവർത്തനങ്ങളേയും സേവനം, ഉല്പാദനം എന്നിങ്ങനെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത സ്ലാബുകളാക്കി തരം തിരിച്ച് ലൈസൻസ് ഫീ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്.

എന്നാൽ എരഞ്ഞോളി ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം ഇപ്രകാരം ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നില്ല. മേൽ ഉത്തരവ് പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത സ്ലാബുകളാക്കി തരംതിരിച്ച് ലൈസൻസ് ഫീ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന് ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ആകെയുള്ള 364 അപേക്ഷകളിൽ നാമമാത്രമായ അപേക്ഷകളിൽ മാത്രമാണ് അന്വേഷണ ഉദ്യോഗസ്ഥർ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടുള്ളത്. ഭൂരിഭാഗം അപേക്ഷകളും ഭാഗികമായി മാത്രമേ പൂരിപ്പിച്ചിട്ടുള്ളൂ. അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് എഴുതുകയോ സെക്രട്ടറി അംഗീകരിക്കുകയോ ചെയ്യുന്നില്ല. ലൈസൻസിനായി ലഭിച്ച അപേക്ഷകളിലൊന്നും തന്നെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൽ മൂലധന നിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കാതെ പഴയ രീതിയിൽ തന്നെയാണ് അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് തയ്യാറാക്കി ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എഫ് ടി ഇ & ഒ എസ് ലൈസൻസ് നടപ്പിലാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 01.04.2018 മുതൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച് തുടങ്ങിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ പ്രസ്തുത തീയ്യതിയിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2. ലൈസൻസ് പെർമിഷൻ രജിസ്റ്റർ പ്രകാരം 02.02.2018 മുതൽ 31.03.2018 വരെ ചട്ട പ്രകാരം അഡ്വാൻസ് ഫീയൊടുക്കിയ അപേക്ഷകരുടെ സംഗതികളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പിന്നീട് അധിക ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നും ഇവരിൽ നിന്നും എപ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കിയതെന്നും വ്യക്തമല്ല.

3) 2018-19 വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ ക്രമ നമ്പർ 363 – റബ്കോ ഹവാട്ട് വുഡ് പ്രൈവറ്റ് ലിമിറ്റഡ് - ₹9350 ലൈസൻസ് ഫീ ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനം ലൈസൻസ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റു

വരവ് 5 ലക്ഷം രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വാർഡ് ക്ലാർക്കിന്റെ അന്വേഷണ റിപ്പോർട്ടിൽ 4 കോടി രൂപ മൂലധനമുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും 935 HP മോട്ടോറിന്റെ അടിസ്ഥാനത്തിൽ 9,350/- രൂപയാണ് ഫീ ഈടാക്കിയിട്ടുള്ളത്.

4) എരഞ്ഞോളി ചുങ്കത്ത് പ്രവർത്തിക്കുന്ന കിൻഫ്ര പാർക്കിൽ ആകെ 21 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 7 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. (ഓഡിറ്റ് അന്വേഷണം നം. 10/18-19, തീയ്യതി: 30.01.2020).

5) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. ട്രേഡേഴ്സ് ലിസ്റ്റിലെ സ്ഥാപനങ്ങളുടെ എണ്ണവും (330) ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ എണ്ണവും (364) പൊരുത്തപ്പെടുന്നില്ല.
6) തൊഴിൽ നികുതി, എഫ് ടി ഇ & ഒ എസ് ലൈസൻസ് ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് ലഭ്യമാക്കിയ മറുപടികളിൽ കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു. (യഥാക്രമം 21, 23 എണ്ണം). കിൻഫ്ര പാർക്കിൽ ഭൗതിക പരിശോധന നടത്തി പ്രവർത്തനക്ഷമമായ മുഴുവൻ സ്ഥാപനങ്ങളുടെയും പട്ടിക പ്രസിദ്ധപ്പെടുത്തേണ്ടതും ഇവ തൊഴിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നു എന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നുണ്ട് എന്നും ഉറപ്പു വരുത്തി വിവരം ലഭ്യമാക്കേണ്ടതുമാണ്.

അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-14 ഇ ടെണ്ടർ ഫീ - പഞ്ചായത്തിന് ലഭിക്കുന്നില്ല.

'ഇ' ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ കരാറുകാർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായി അടവാക്കുകയാണ് ചെയ്യുന്നത്. എന്നാൽ ടെണ്ടർ ഫീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവ് വരേണ്ടതാണ്. 2018-19 വർഷത്തിൽ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ₹83020 ലഭിക്കാനുണ്ട്. ഈ തുക ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

# 1-15 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല:-

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.

## 1-16 ഐ.കെ.എം വിഹിതം അടവാക്കൽ- 2018-19:- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | ഐ.കെ.എം വിഹിതം അടവാക്കൽ-2018-19 |
| പ്രോജക്ട് നം. | 2/19 |
| അടങ്കൽ | ₹ 49,848 (വികസന ഫണ്ട് ) |
| ചെലവ് | ₹ 49,848 |
| ബിൽ നം. & തീയതി | 3/18-19/15.05.2018 |

ഐ.കെ.എം വിഹിതം അടവാക്കൽ എന്ന പ്രോജക്ട് പ്രകാരം ഐ.കെ.എം. നല്ല പ്രവർത്തന ഫണ്ടായി പ്ലാൻ ഫണ്ടിന്റെ 0.1% ആയ ₹49,848 മേൽ ബിൽ പ്രകാരം പിൻവലിച്ച് ഐ.കെ.എം.ന കൈമാറിയിട്ടുണ്ട്. ഇങ്ങനെ കൈമാറിയ തുകയ്ക്ക് ഐ.കെ.എം. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-17 കാർഷിക മേഖലയിലെ പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ

1) മോണിറ്ററിംഗ് നടത്തുന്നില്ല:- എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 18 പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയതിൽ 17 പ്രോജക്ടുകളും വിത്ത്, വളം, തൈകൾ എന്നിവ വിതരണം ചെയ്യുന്ന പ്രോജക്ടുകളാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിവരം | അടങ്കൽ | ചെലവ് | വിത്ത് തൈ എന്നിവയ്ക്കുള്ള ചെലവ് |
|---|---|---|---|---|
| 1 | 57-18-19 - നെൽ കൃഷിക്ക് വിത്ത്, ജൈവവളം കൂലിച്ചെലവ് സബ്സിഡി ഗ്രൂപ്പ് | 1,08,900 | 1,08,900 | 20,000 |
| 2 | 68/18-19 - ഒരു വീട്ടിൽ ഒരു പറ നെല്ല് , കരനെൽ കൃഷി- നെൽവിത്ത് വിതരണം | 18,000 | 18,000 | 18,000 |
| 3 | 72/18-19 - പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും - മൺ ചട്ടി വിതരണം | 2,69,200 | 2,56,000 | 2,56,000 |
| 4 | 73/18-19 - മഞ്ഞൾ കിറ്റ് വിതരണം | 60,000 | 60,000 | 60,000 |
| 5 | 74/18-19- ടിഷ്യൂകൾച്ചർ വാഴത്തൈ | 16,212 | 16,212 | 16,212 |

| | | | | |
|---|---|---|---|---|
| | വിതരണം | | | |
| 6 | 75/18-19 – കുരുമുളക് തൈകൾ വിതരണം | 62,760 | 62,760 | 62,760 |
| 7 | 76/18-19 – ഫലവർഗ്ഗ കിറ്റ് വിതരണം | 26,340 | 26,340 | 26,340 |
| 8 | 92/18-19 – പച്ചക്കറി തൈകൾ വിതരണം | 6,160 | 6,160 | 6,160 |
| 9 | 94/18-19- തെങ്ങിൻ തൈകൾ വിതരണം | 32,594 | 32,510 | 32,510 |
| 10 | 95/18-19- കവുങ്ങിൽ തൈകൾ വിതരണം | 22,500 | 22,500 | 22,500 |
| 11 | 96/18-19 – വനിതകൾക്ക് പുഷ്പകൃഷി (ലൂസ് ഫ്ലവർ) | 2,986 | 2,986 | 2,986 |
| 12 | 118/18-19 - ആയുർവേദ ഡിസ്പെൻസറിയിൽ ഔഷധ സസ്യ ഉദ്യാനം | 16,000 | 16,000 | 16,000 |
| 13 | 119/18-19 - തരിശുഭൂമി കൃഷിയോഗ്യമാക്കൽ (നെൽ കൃഷി) | 1,600 | 1,600 | 1,600 |
| 14 | 160/18-19 – കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ചേന, ചേമ്പ്, കിഴങ്ങുവർഗ്ഗ കിറ്റ് വിതരണം | 2,19,000 | 2,19,000 | 2,19,000 |
| 15 | 164/18-19 – പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് | 68,000 | 38,352 | - |
| 16 | 67/18-19- തെങ്ങിന് ജൈവവളം കുമ്മായം | 11,94,706 | 11,94,706 | - |
| 17 | 69/18-19 – വാഴ കൃഷിക്ക് ജൈവവളം | 1,31,193 | 1,31,193 | - |
| ആകെ | | | | 7,60,068 |

മേൽ പ്രോജക്ടുകളിൽ ഭൂരിഭാഗവും 100% സബ്സിഡിയോടെ വിത്ത്, തൈകൾ എന്നിവ വാങ്ങി വിതരണം ചെയ്യുവയാണ്. വിത്തുകൾ, തൈകൾ എന്നിവ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും വിതരണം ചെയ്തതായ കൈപ്പറ്റ് ലഭ്യമാക്കിയതല്ലാതെ പ്രോജക്ടിന്റെ മോണിറ്ററിംഗ് കൃത്യമായി നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

കൃഷി അനുബന്ധ മേഖല വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 21.12.2017 ന് 2018-19 ലെ പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ ചർച്ച നടത്തുകയും 24.01.2018 ൽ യോഗം ചേർന്ന് കരട് പദ്ധതി നിർദ്ദേശം അംഗീകരിക്കുകയും 05.02.2018ൽ പദ്ധതി അന്തിമമാക്കുകയും ചെയ്തിട്ടുണ്ട്. 10.08.2018, 03.10.2018, 14.12.2018 എന്നീ തീയതികളിൽ ചേർന്ന യോഗത്തിൽ പദ്ധതി നിർവഹണം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ശ്രീമതി.സി.ഷീജ, മെമ്പർ ചെയർമാനും ശ്രീമതി.ലീന.എം.കെ, കൃഷി ഓഫീസർ കൺവീനറായും 19 അംഗ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി രൂപീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് പ്രോജക്ടുകൾ വിലയിരുത്തി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രോജക്ടുകളുടെ മോണിറ്ററിംഗ് കൃത്യമായി നടക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

2) ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല :-

(i) പ്രോജക്റ്റ് : 97/18-19 – കാർഷിക വിജ്ഞാന വ്യാപനം കൃഷിഭവനിൽ ബോർഡുകൾ സ്ഥാപിക്കൽ

അടങ്കൽ : ₹50,000 വികസന ഫണ്ട്

ചെലവ് : ₹50,000 – ബിൽ നം . 18/18-19 തീയതി 18.02.2019.

പ്രസ്തുത പ്രോജക്റ്റ് ക്വട്ടേഷൻ വഴിയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. എന്നാൽ ജി.ഒ(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രകാരമുള്ള മാർഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾ ₹25,000 മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ലിമിറ്റഡ് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(ii) പ്രോജക്റ്റ് :72/18-19 - പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും - മൺ ചട്ടി വിതരണം

അടങ്കൽ : ₹192000 വികസന ഫണ്ട്

: ₹13200 തനത് ഫണ്ട്

: ₹64000 ഗുണഭോക്തൃ വിഹിതം

ആകെ : 269200

ചെലവ് : ₹192000 ബിൽ നം . 15/18-19 dtd. 07.01.2019.

: ₹64000 ചെക്ക് നം . 6274215 dtd. 26.03.2019.

ആകെ : ₹256000

മേൽ പ്രോജക്റ്റ് പ്രകാരം മൺചട്ടി വാങ്ങുന്നതിന് 21.08.2018 ലെ ടെണ്ടർ പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത (ഒരെണ്ണത്തിന് ₹200) ജനീവൻ,വി.എം, ഗ്ലോബൽ അസോസിയേറ്റ്സ് എന്നവരുമായി നെഗോസിയേഷൻ നടത്തുന്നതിന് ബോർഡിനോട് ശുപാർശ ചെയ്യുന്നതിന് 23.08.2018 ലെ പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനിക്കുകയും 30.08.2018ലെ 168/18(2) ഭരണ സമിതി നെഗോസിയേഷൻ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. തീയതി രേഖപ്പെടുത്താത്ത നെഗോസിയേഷൻ കത്തിൽ ഒരെണ്ണത്തിന് ₹160 നിരക്കിൽ നൽകാമെന്ന് സമ്മതിക്കുകയും ഇതിനു പുറമെ കയറ്റിറക്ക് കൂലിയും വണ്ടിക്കൂലിയും തരേണ്ടതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വ്യവസ്ഥകൾ ഭരണ സമിതി അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ സാധനങ്ങൾ വാങ്ങുന്നതിന് കരാർ ചമച്ചിട്ടുമില്ല. എന്നാൽ ഒരെണ്ണത്തിന് ₹160 നിരക്കിൽ 1600 ചട്ടികൾ വാങ്ങി വിതരണം ചെയ്തിട്ടുമുണ്ട്. കയറ്റിറക്ക് കൂലിയും വണ്ടിക്കൂലിയും നൽകിയിട്ടില്ല.

ടെണ്ടർ നടപടിക്രമങ്ങൾ ഭാവിയിൽ പാലിക്കേണ്ടതും കരാറിൽ വ്യവസ്ഥ ചെയ്യാത്ത തുക നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-18 മൃഗസംരക്ഷണം-പദ്ധതി പ്രകാരം

# പക്ഷിമൃഗാദികളെ വാങ്ങുന്നതിൽ പർച്ചേസിംഗ് കമ്മിറ്റി ഇടപെടൽ തൃപ്തികരമല്ല, മോണിട്ടറിംഗ് യഥാവിധി നടക്കുന്നില്ല

എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പരും പേരും | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 77/19 വനിതകൾക്ക് പശു വളർത്തൽ പദ്ധതി | 50,000/- (വികസനഫണ്ട്)<br>50,000/- ഗുണഭോക്തൃവിഹിതം | 1,00,000/- |
| 2 | 78/19 വനിതകൾക്ക് ആട് വളർത്തൽ പദ്ധതി | 24,000/- (വികസനഫണ്ട്)<br>24,000/- ഗുണഭോക്തൃവിഹിതം | 48,000/- |
| 3 | 85/19കാട വളർത്തൽ പദ്ധതി | 20,000/- (വികസനഫണ്ട്)<br>45,000/- ഗുണഭോക്തൃവിഹിതം | 7,500/- (വികസനഫണ്ട്)<br>45,000/- ഗുണഭോക്തൃവിഹിതം |

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖപ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കൾ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെയും പക്ഷികളെയും വാങ്ങേണ്ടത്. എന്നാലിവിടെ പ്രോജക്ട് പ്രകാരമുള്ള വാങ്ങലുകളിൽ കമ്മിറ്റി ഇടപെടുന്നില്ല. വാങ്ങിക്കഴിഞ്ഞ ഉരുക്കൾ ഗുണനിലവാരമുള്ളതാണെന്ന സാക്ഷ്യപ്പെടുത്തൽ നടത്തിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വനിതകൾക്ക് പശു വളർത്തൽ പദ്ധതി പ്രകാരം പശുക്കൾക്കുള്ള സബ്സിഡി കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കൾ പശുക്കളെ വാങ്ങിയിരിക്കുന്നത് രണ്ട് വ്യത്യസ്ത വ്യക്തികളിൽ നിന്നാണ്. ഒരേ കൈപ്പടയിലെഴുതി ഒപ്പിട്ട രണ്ട് കൈപ്പറ്റ് രശീതികൾ മാത്രമാണ് ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ പശുക്കളെ വാങ്ങിയിട്ടുണ്ട് എന്നതിന് തെളിവായി ഫയലിലുള്ളത്. പദ്ധതി പ്രകാരം സർക്കാർ ആനുകൂല്യം നൽകുന്നത് തീർത്തും അർഹരായ വ്യക്തികൾക്ക് തന്നെയെന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്. പ്രോജക്ട് ഫലപ്രദമായിരുന്നു എന്നുറപ്പു വരുത്തുന്നതിനായി നിരന്തര മോണിട്ടറിംഗ് അത്യാവശ്യമാണ്. എന്നാലിത്തരത്തിലുള്ള ഒരു മോണിട്ടറിംഗ് നടത്തുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് ശ്രദ്ധ ചെലുത്തുന്നില്ല. കൃത്യമായ മോണിട്ടറിംഗ് ഉറപ്പു വരുത്തേണ്ടതാണ്.

# 1-19 ജി.എസ്.ടി.കോമ്പൻസേഷൻ നൽകൽ - അപാകങ്ങൾ:- 55,135/- രൂപ തടസ്സപ്പെടുത്തുന്നു.

സ.ഉ.(പി)നം.2532/18/തസ്വഭവ തീയതി 29.09.2018 പ്രകാരം ജി.എസ്.ടി. കോമ്പൻസേഷൻ നൽകുമ്പോൾ കരാറുകാരനിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി സൂക്ഷിക്കണമെന്നും, കരാറുകാർക്കും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടാകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സെൽഫ് ഡിക്ലറേഷൻ വാങ്ങാതെയാണ് താഴെ പറയുന്ന പ്രവൃത്തികൾക്ക് ജി.എസ്.ടി.കോമ്പൻസേഷൻ നൽകിയിരിക്കുന്നത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | കരാറുകാരൻ | കോമ്പൻസേഷൻ തുക | ബിൽ വിവരം |
|---|---|---|---|---|
| 1 | 47/18-19- മഠത്തുംഭാഗം – കളരിമുക്ക് റോഡ് റീടാറിംഗ് | പിക്കോസ് | 15,069 | 40/18-19 dtd. 20.03.2019 ₹608537 |
| 2 | 48/18-19 – കനോലി താഴെ – മാവില റോഡ് റീടാറിംഗ് | ശ്രീ.രഘുറാം.ടി.പി | 10,188 | 39/18-19 dtd. 20.03.2019 ₹345000 |
| 3 | 46/18-19 – മലാൽ - എഞ്ചിനിയറിംഗ് കോളേജ് റോഡ് പുനരുദ്ധാരണം | ശ്രീ.രഘുറാം.ടി.പി | 8,659 | 38/18-19 dtd. 20.03.2019 ₹293591 |
| 4 | 41/18-19 – പൂവാടൻ റോഡ് റീടാറിംഗ് | ശ്രീ.രഘുറാം.ടി.പി | 3,679 | 37/18-19 dtd. 20.03.2019 ₹155000 |
| 5 | 49/18-19 – കുറുപ്പാടി സ്കൂൾ- വി.സി.ബി റോഡ് പുനരുദ്ധാരണം | പിക്കോസ് | 17,540 | 35/18-19 dtd. 11.03.2019 ₹637481 |
| ആകെ | | | 55,135 | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെൽഫ് ഡിക്ലറേഷൻ ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചത്. ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെ തുക അനുവദിച്ചതിനാൽ ചെലവ് തുക ₹55135 തടസ്സപ്പെടുത്തുന്നു.

## 1-20 പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 147/19- പ്ലാസ്റ്റിക് ശേഖരണ കേന്ദ്രത്തിൽ ശുചിമുറിയും അനുബന്ധ സൗകര്യങ്ങളും

അടങ്കൽ : ₹776500 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

: ₹23500

ആകെ : ₹800000

ചെലവ് : ₹713458 ചെക്ക് നം 0765200 dtd 29-12-2018

കരാർ തുക : ₹767332.14

കരാറുകാരൻ : ശ്രീ.യു.എം.രാജീവൻ

കരാർ നം/തീയതി : AE/LSGD/ERY/42/2017-18 dtd. 28.03.2018

എം . ബുക്ക് : 42/17-18

പ്രവൃത്തി പൂർത്തീകരണ സമയം : 6 മാസം

പ്രവൃത്തി പൂർത്തീകരണ തീയതി : 27.09.2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 21.11.2018

കാലതാമസം : 1 മാസം 26 ദിവസം

ജി.ഒ.(പി)നം.13/2012/പി.ഡബ്ല്യു.ഡി. തീയതി 01.02.2012ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ഖണ്ഡിക 2112 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പിഴ ചുമത്തി കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. യഥാർഥ പൂർത്തീകരണ കാലത്തിന്റെ 25% ആദ്യ ഘട്ടത്തിലും രണ്ടാം ഘട്ടത്തിൽ 25% വും പരമാവധി യഥാർഥ പൂർത്തീകരണ കാലത്തിന്റെ പകുതിയും കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. 2112.1 ഖണ്ഡിക പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് ആദ്യ 25% കരാർ തുകയുടെ 1% പിഴയും അടുത്ത 25% ന് കരാർ തുകയുടെ 2% പിഴയും ഈടാക്കേണ്ടതാണ്. എന്നാൽ കരാറുകാരനിൽ നിന്ന് ആദ്യ 25% ന് 1% പിഴയും അടുത്ത 11 ദിവസത്തേക്ക് 2% പിഴയുമാണ് ഈടാക്കിയിട്ടുള്ളത്. 17.10.2018 ലെ ഭരണസമിതി തീരുമാനം 192/18(9) പ്രകാരം കാലാവധി ' 30.11.2018 ' (സകർമ്മ സോഫ്റ്റ് വെയറിൽ തീയതി

31.11.2018 എന്നാണ് കാണിച്ചിരിക്കുന്നത്) വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. എന്നാൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പിഴ ഈടാക്കുന്നതിൽ വന്ന കുറവ് കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിയമാനുസൃതമായ പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-21 പ്രവൃത്തിയുടെ കരാർ വെക്കുന്നതിലെ കാലതാമസം

2012 ലെ പൊതുമരാമത്ത് മാന്വലിലെ 2009.6 ഖണ്ഡിക പ്രകാരം ടെണ്ടർ സ്വീകരിച്ച് ഏഴ് ദിവസത്തിനുള്ളിൽ സെലക്ഷൻ നോട്ടീസ് അയക്കണമെന്നും നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാറിൽ ഏർപ്പെടുകയും അല്ലാത്തപക്ഷം 10 ദിവസത്തിനുള്ളിൽ 1% പിഴ ഈടാക്കി കരാർ വെക്കാവുന്നതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കരാർ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചതിന്റെ കൃത്യമായ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) മാന്വൽ പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് തപാലിലോ ക്വറിയറിലോ 'ഇ' മെയിലായോ അയക്കാവുന്നതാണ്. നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതിയാണ് കൈപ്പറ്റ് തീയതിയായി പരിഗണിക്കുന്നത്. എന്നാൽ ഏത് രീതിയിലാണ് സെലക്ഷൻ നോട്ടീസ് അയച്ചത് എന്ന് വ്യക്തമല്ല. സെലക്ഷൻ നോട്ടീസ് പലതും കരാറുകാരൻ നേരിട്ട് കൈപ്പറ്റിയതായും കാണുന്നു. എന്നാൽ പലതിലും കൈപ്പറ്റില്ല. കൈപ്പറ്റ് വാങ്ങിയവയിൽ തീയതി കാണിച്ചിട്ടുമില്ല.

2) മിക്ക ഫയലുകളിലും സെലക്ഷൻ നോട്ടീസ് നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ രജിസ്റ്റേഡ് തപാൽ അയക്കുന്നതിന് ആവശ്യത്തിന് സ്റ്റാമ്പില്ല എന്നും ക്ലറിക്കൽ സ്റ്റാഫില്ല എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ദൈനംദിന ചെലവിനുള്ള തുക പഞ്ചായത്തിൽ നിന്ന് ലഭ്യമാകുമെന്നിരിക്കെ ഇത്തരത്തിലുള്ള മറുപടി അംഗീകരിക്കുന്നില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും സമയപരിധിക്കകം നടപടിക്രമങ്ങൾ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി അപാകങ്ങൾ -₹1,00,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നം. | 149/19 |
| അടങ്കൽ | 1,65,281/-<br>(വികസന ഫണ്ട് -എസ് സിപി)<br>34,719/- (തനത് ഫണ്ട്) |
| ചെലവ് | 1,00,000/- |
| ബിൽ നം. & തീയതി | 5/15.09.2018 |

2017-18 വർഷം മുൻകൂറായി പഠനമുറിക്ക് (@50,000/-) തുക നൽകിയ 2 ഗുണഭോക്താക്കൾക്ക് ഈ വർഷം അവസാന ഗഡു (@50,000/-) നല്കിയിട്ടുണ്ട്. ശ്രീമതി.ജിലു.ജെ, നികഞ്ചം, കപ്പർട്ടിപ്പാറക്കൽ, പൊന്ന്യം വെസ്റ്റ്, തലശ്ശേരി എന്നവർക്കും, ശ്രീ.രാജേഷ്.പി, ഒതയോത്ത് താഴെ, വടക്കുമ്പാട്. പി. ഒ, എന്നവർക്കുമാണ് സബ്സിഡി നൽകിയത്.

ഈ രണ്ട് ഗുണഭോക്താക്കൾക്കും 2017-18 വർഷം മുൻകൂർ നൽകിയ തുക താഴെ പറയുന്ന കാരണത്താൽ തടസ്സപ്പെടുത്തിയിട്ടുണ്ട് (2017-18 റിപ്പോർട്ട് ഖ-3-11).

1) ശ്രീമതി.ജിലു.ജെ, നികഞ്ചം, കപ്പർട്ടിപ്പാറക്കൽ, പൊന്ന്യം വെസ്റ്റ്, എന്നവരുടെ മകന്റെ ജാതി സർട്ടിഫിക്കറ്റ്, കുടുംബ വരുമാനം എന്നിവ ഹാജരാക്കിയിരുന്നില്ല .സ.ഉ.(സാധാ)നം.1683/2017/തസ്വഭവ തീയതി 23.05.2017 ലെ ക്രമനമ്പർ 23 പ്രകാരം പട്ടിക ജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിലുള്ള 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാതെ പഠനമുറി നിർമ്മിക്കാവുന്നതാണ്. മുൻകൂർ നൽകുമ്പോൾ തന്നെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഏരിയാ സ്റ്റേറ്റ്മെന്റ് പ്രകാരം ജിലുവിന്റെ നിലവിലുള്ള വീടിന്റെ വിസ്തൃതി 598 ചതുരശ്ര അടിയും നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തൃതി 12 ചതുരശ്ര മീറ്ററുമാണ് അതായത് 129 ചതുരശ്ര അടി.

2) ശ്രീ.രാജേഷ്.പി, ഒതയോത്ത് താഴെ, വടക്കുമ്പാട്. പി. ഒ, എന്നവരുടെ മകന്റെ ജാതി സർട്ടിഫിക്കറ്റ്, കുടുംബ വരുമാനം എന്നിവ ഹാജരാക്കിയിരുന്നില്ല. മുൻകൂർ നൽകുമ്പോൾ തന്നെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഏരിയാ സ്റ്റേറ്റ്മെന്റ് പ്രകാരം നിലവിലുള്ള വീടിന്റെ വിസ്തൃതി 53.78 ചതുരശ്ര മീറ്ററും (579 ചതുരശ്ര അടി) നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തൃതി 11.89 ചതുരശ്ര മീറ്ററു ( 128 ചതുരശ്ര അടി) മാണ്.

ഈ വർഷം ഫൈനൽ ബിൽ നൽകുമ്പോൾ ഇരുവരുടേയും വരുമാന സർട്ടിഫിക്കറ്റ് വാങ്ങിക്കുകയും ഓഡിറ്റിന് മുൻപാകെ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ രാജേഷ്.പി, ഒതയോത്ത് താഴെ, വടക്കുമ്പാട്. പി.ഒ, എന്നവരുടെ മകന്റെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുമുണ്ട്. എന്നാൽ ജിലു.ജെ, നികഞ്ചം, കപ്പർട്ടിപ്പാറക്കൽ, പൊന്ന്യം വെസ്റ്റ്, എന്നവരുടെ മകന്റെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല .

അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവസാന ഗഡു നൽകിയിട്ടുണ്ട്. നിലവിലുള്ള വിടിന്റെയും പഠന മുറിയുടേയും സ്കെച്ച് പ്ലാൻ, പഠന മുറിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

മുൻകൂർ നൽകുമ്പോൾ തന്നെ പഠനമുറിയുടെ വിസ്തീർണ്ണം, സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികമാണ് എന്ന് കണ്ടെത്തിയിട്ടും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ മാത്രം പിൻബലത്തിൽ അവസാന ഗഡു നൽകിയത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4 തീയതി 27.1.2020) മറുപടിയായി മുകളിലത്തെ മുറിയിൽ പഠനമുറി പണിയുമ്പോൾ സ്റ്റെയർകെയ്സ് റും ഉൾപ്പെടെയായതിനാൽ പഠന മുറിയിലേക്ക് പ്രവേശിക്കുവാൻ സാങ്കേതിക പ്രശ്നമുള്ളതിനാലാണ് വിസ്തീർണ്ണം കൂടിപ്പോയതെന്നും, ഒന്നാമത്തെ ഗുണഭോക്താവിന് ജാതി സാക്ഷ്യപത്രത്തിനായി കിർത്താഡ്സിൽ അപേക്ഷിച്ചിട്ടുണ്ടെന്നുമാണ് വിശദീകരണം ലഭ്യമാക്കിയത്. ആവശ്യമായ രേഖകളുടെ അഭാവത്തിൽ നൽകിയ സബ്സിഡി ₹1,00,000 തടസ്സപ്പെടുത്തുന്നു.

രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (മേശ,കസേര)-ലിമിറ്റഡ് ടെണ്ടർ വാങ്ങൽ രീതി നടപ്പാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (മേശ,കസേര)-വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം. | 23/19 |
| അടങ്കൽ | 30,000/- (വികസന ഫണ്ട് -എസ് സിപി ) |
| ചെലവ് | 9,600/- |
| ബിൽ നം. & തീയതി | 18/20.3.2019 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (മേശ,കസേര) – വാങ്ങിക്കൽ പദ്ധതിയിൽ ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് നൽകിയ ടെൽട്യൂൺ സെയിൽസ് കേർപ്പറേഷൻ, തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും 2 മേശ, 2 കസേര എന്നിവ വാങ്ങിയിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (ആർ.ടി)259/2010/തസ്വഭവ 08.11.2010 സമാഹരണ രീതി ഖ-3-ൽ 25,000/- രൂപയ്ക്കു മുകളിൽ 1,00,000/- വരെ മതിപ്പു വിലയുള്ളവയ്ക്കു ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. (ഈ പ്രോജക്ടിനു വേണ്ടി അടങ്കൽ നിശ്ചയിച്ചത് ₹30,000യ്ക്കാണ്) എന്നാൽ ലിമിറ്റഡ് ടെണ്ടർ സ്വീകരിച്ചിട്ടില്ല ലിമിറ്റഡ് ടെണ്ടർ വാങ്ങൽ രീതി സ്വീകരിക്കാത്തതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 തീയതി 28.01.2020) മറുപടിയായി 2 ഗുണഭോക്താക്കളാണ് മതിയായ രേഖകൾ ഹാജരാക്കിയിട്ടുള്ളത് എന്നും ആയതിനാൽ ₹9,600 മാത്രമേ വേണ്ടി വന്നുള്ളൂ എന്നും, പ്രോജക്ട് റിവൈസ് ചെയ്യാൻ സാമ്പത്തിക വർഷാവസാനം ആയതുകൊണ്ട്

സാധിച്ചില്ല എന്നാണ് മറുപടി നൽകിയത്. മേലിൽ സർക്കാർ ഉത്തരവ് അനുശാസിക്കും പ്രകാരം വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 യു പി എസ് ലഭിച്ചില്ല, ₹4,245 തടസ്സപ്പെടുത്തുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി എച്ച് സി

പ്രോജക്റ്റ് നമ്പർ : 157/19

പേര് : എരഞ്ഞോളി പി എച്ച് സി യിൽ കമ്പ്യൂട്ടർ വാങ്ങൽ

അടങ്കൽ : 21,235/- (തനത് ഫണ്ട് )

: 23,765/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം)

ചെലവ് : 21,059/- (തനത് ഫണ്ട് )

STSB ചെക്ക് നമ്പർ 3054923, തീയ്യതി 22.03.2019

: 23,765/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം)

ബിൽ നമ്പർ 9/18-19, തീയ്യതി 26.03.2019

എരഞ്ഞോളി പി എച്ച് സി യിലേക്ക് കമ്പ്യൂട്ടർ, യു പി എസ് എന്നിവ വാങ്ങുന്നതിനായി മേൽ പ്രോജക്റ്റ് പ്രകാരം 44,824/- രൂപ കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരുന്നു. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ബിൽ പ്രകാരം (എയ്സർ, ഇൻവോയ്സ് നമ്പർ PYSI 19041021, Dtd 07.01.2020) 40,579/- രൂപയുടെ കമ്പ്യൂട്ടർ മാത്രമാണ് 13.01.2020 ന് ലഭിച്ചതായി കാണുന്നത്. പ്രോജക്റ്റ് നടത്തിപ്പിനായി CPCRS ഓൺലൈൻ പോർട്ടൽ വഴി ആവശ്യമായ സ്പെസിഫിക്കേഷന് ഉൾപ്പെടുത്തി അപേക്ഷ നൽകിയപ്പോൾ ലഭിച്ച പ്രഫോർമ ഇൻവോയ്സ് പ്രകാരമാണ് 44,824/- രൂപ കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതെന്നും ഇപ്പോൾ നൽകിയ ബില്ല് പ്രകാരം 40,579/- രൂപയുടെ കമ്പ്യൂട്ടർ മാത്രമാണ് ലഭിച്ചതെന്നും യു പി എസ് ഇതുവരെയായും ലഭ്യമായിട്ടില്ല എന്നും ബാക്കി തുക തിരികെ ലഭിക്കുന്നതിന് കെൽട്രോണിന് അപേക്ഷ കൊടുത്തിട്ടുണ്ടെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/2018-19, തീയ്യതി : 24.08.2019) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ലഭിച്ച കമ്പ്യൂട്ടർ സ്ഥാപിക്കുകയോ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ₹4,245 തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 എസ്.എസ്.എ വിഹിതം നൽകൽ-വിശദമായ വിനിയോഗസാക്ഷ്യപത്രമില്ല

പ്രൊജക്ട് നമ്പറും പേരും :4/19-എസ്.എസ്.എ വിഹിതം നൽകൽ

നിർവ്വഹണോദ്യോഗസ്ഥൻ :ഹെഡ്മാസ്റ്റർ

അടങ്കൽ :11,82,500/- രൂപ-വികസനഫണ്ട്

ചെലവ് :11,82,500/- രൂപ. (ബിൽ നം.1/18-19/13.06.18 ₹5,52,192: ബിൽ നം2/18-19/17.08.18 ₹6,30,308)

ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ എസ്.എസ്.എ വിഹിതമായി 11,82,500/- രൂപ അടവാക്കിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നതിന് വിഭാവനം ചെയ്തിരുന്നതെന്നും എസ്.എസ്.എ ഫണ്ടുപയോഗിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള സ്കൂളുകളിൽ നടത്തപ്പെട്ട പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമല്ല. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ.) നം.11/2018/ത.സ്വ.ഭ.വ തീയതി 29.1.2018) ഖണ്ഡിക 7-6(3) പ്രകാരം എസ്.എസ്.എ പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. കൂടാതെ വിഭാവനം ചെയ്തിരുന്ന പ്രവൃത്തികൾ ഉദ്ദേശിച്ച വിധത്തിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 പാലിയേറ്റീവ് കെയർ പദ്ധതി - ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി എച്ച് സി

2018-19 വർഷം പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങള ഉണ്ട്. 29.10.2015 ലെ സ.ഉ(സാധാ.)3217/2015/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്റ്റിലും വരുത്തേണ്ടതാണെന്നും വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പദ്ധതിയിൽ തുക ചെലവഴിക്കാൻ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ വിവരങ്ങൾ ഇപ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. മാർഗ്ഗരേഖാ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവ് നടത്തുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. അപാകം പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്നിരിക്കേ ഓഡിറ്റ് വർഷത്തിൽ രണ്ടു പ്രാവശ്യം മാത്രമേ മീറ്റിംഗ് നടന്നിട്ടുള്ളൂ.

26.02.2019 ന് നടന്ന പരിശീലന പരിപാടിക്ക് ശേഷം യാതൊരു മീറ്റിംഗും നടന്നിട്ടില്ല എന്നത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

മെഡിക്കൽ ഓഫീസർ 2018-19 വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് പിന്നീട് സമർപ്പിക്കും എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/2018-19, തീയ്യതി : 24.08.2019) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി അപാകം പരിഹരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08.07.2019 മുതൽ 09.07.2019 വരെ | കെ.എസ്.എ/കെ.എൻ.ആർ/സി7/ 1303/2019 തീയതി : 13.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രോജക്ടിന്റെ നമ്പർ / പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 36,000 | - | 120/13 ഗാർഹിക കുടിവെള്ള പ്രോജക്ട് | - | 36,000 |
| | | 1,00,000 | 28/19പെയിൻ& പാലിയേറ്റീവ് | 99,956 | 44 |
| | | 34,000 | 164/19 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 19,176 | 14,824 |
| | | 1,00,000 | 122/19 കറവ പശുക്കൾക്ക് | 1,00,000 | - |

| | | | | | |
|---|---|---|---|---|---|
| | | | പാലിന് സബ്സിഡി. | | |
| | | 2,53,500 | 30/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,48,200 | 5,300 |
| | | 6,92,767 | 15/19-ലൈഫ് ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിത ർക്ക് | 6,92,767 | - |
| | | 20,000 | 108/19 സുജല കാരായിമുക്ക് കൈതത്തോട് സംരക്ഷണം | 20,000 | - |
| | | 1,50,000 | 27/19 എരഞ്ഞോളി ബഡ്സ് റീഹബലിറ്റേഷൻ സെന്റർ | 1,04,005 | 45,995 |
| | 7,76,500 | 0 | 147/19 പ്ലാസ്റ്റിക്ക് ശേഖരണ മുറി ശുചീകരണം | 7,13,458 | 63,042 |
| | 1,85,700 | 0 | വിവരം ലഭ്യമല്ല | - | 1,85,700 |
| ജില്ലാ പഞ്ചായത്ത് | | 1,00,000 | 122/19 പാലിന് സബ്സിഡി | 1,00,000 | - |
| | 5,00,000 | 5,00,000 | 27/19എരഞ്ഞോളി ബഡ്സ് റീഹബലിറ്റേഷൻ സെന്റർ | - | 10,00,000 |
| | | 2,53,500 | 30/19ശാരീരിക മാനസിക വെല്ലു വിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,53,500 | - |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 2,00,000 | 28/19 പെയിൻ &പാലിയേറ്റീവ് | 2,00,000 | - |
| | | 2,17,710 | 15/19 ലൈഫ് ഭവന പദ്ധതി | 2,17,710 | |
| | 74,175 | | ബഡ്സ് | | 74,175 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിൽ വായ്പയിനത്തിൽ 8,80,589/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പ തുക | തിരിച്ചടക്കാനുള്ള മുൻ ബാക്കി | തൻവർഷം അടച്ചത് | | വർഷവസാന ബാക്കി (ലോൺ രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ ഗ്രേഡ്കൊ വായ്പ | സ.ഉ. (എം.എസ്) നം.68/18/ തസ്വഭവ തീയതി 18.05.18, സ.ഉ. (എം.എസ്) നം.111/18/ തസ്വഭവ തീയതി 13.08.18 & ലൈഫ് മിഷൻ സി.ഇ.ഒ.യുടെ No.LF511/2018 | 8,80,589 | 0 | 1,17,141/- (ആവശ്യത്തിലധികം ലഭിച്ച തുക തിരിച്ചടച്ചത്) | -- | 7,63,448 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | തീയതി 02.01.2019 | | | | | |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹19,903യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയവരുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ /തീയതി |
|---|---|---|---|---|
| 2013-14, 2014-15 | 2-1(1) | 200 | കെ.പത്മനാഭൻ | 3328/17.10.2018 |
| 2012-13 | 2-2(1)b | 50 | കെ.കെ.പുരുഷോത്തമൻ | 4014/03.11.2018 |
| ,, | 2-1(3) | 600 | ലോറി ഓപ്പറേറ്റേഴ്സ് അസോസിയേഷൻ | 1811/16.07.2018 |
| ,, | 2-2(1) | 100 | കല്ലിയൻ ചന്ദ്രൻ | 1923/23.07.2018 |
| ,, | ,, | 300 | കുമുദവല്ലി ജനാർദ്ദനൻ | 2886/01.10.2018 |
| ,, | 2-1(4) | 600 | പ്ലേ പെൻ സ്കൂൾ | 1877/19.07.2018 |
| ,, | ,, | 2550 | ,, | 1878/19.07.2018 |
| 2006-07 | 2-3 | 2500 | മാവേലി സ്റ്റോർ | 2345/11.09.2018 |
| 2007-08 | 2-4(7) | 2500 | ,, | 2346/11.09.2018 |
| 2008-09 | 2-3(6) | 2500 | ,, | 2347/11.09.2018 |
| 2009-10, 2010-11, 2011-12 | 2-3 | 2500 | ,, | 2348/11.09.2018 |
| ,, | ,, | 2500 | ,, | 2349/11/09.2018 |
| ,, | ,, | 2500 | ,, | 2350/11.09.2018 |
| 2006-07 | 2-4 | 63 | ഇ.കൃഷ്ണൻ | 3050/06.10.2018 |
| ,, | ,, | 88 | അനിൽകുമാർ | 3051/06.10.2018 |
| ,, | ,, | 63 | ടി.പി.സുശീലൻ | 3052/06.10.2018 |
| ,, | ,, | 63 | സുബാഷ് | 3053/06.10.2018 |
| ,, | ,, | 63 | സുശീൽ | 3054/06.10.2018 |
| | | | | |

| | | | | |
|---|---|---|---|---|
| 2007-08 | 2-2(1) | 100 | പത്മനാഭൻ | 118080105981/ 25.01.2019 |
| „ | 2-2(2) | 63 | സുശീൽ | 118080105980/ 25.01.2019 |
| ആകെ | | 19,903 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 5,7 | 2012-13 | 3.13.17 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | | 2011-12 | 2-1 | ഗ്രാമ സഭ പൊതു അവലോകനം | പരാമർശം നിലനിൽക്കുന്നു |
| 2008-09 | 3-2 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തി അനർട്ട് | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | | 2012-13 | 3.4.5.2 | ലേബർ ബജറ്റും വാർഷീക കർമ്മ പദ്ധതിയും | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | | 2012-13 | 3.4.13 | ജാഗ്രതാ മേൽനോട്ട സമിതികൾ | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2.2 | 2016-17 | 2 | തൊഴിൽ നികുതി | |

## 4-9 ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,92,38,705.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,95,36,964.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,59,380 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 55,135 | ശ്രീ.സന്തോഷ്.പി (അസിസ്റ്റന്റ് എഞ്ചിനീയർ) |
| 1-23 | 1,00,000 | ശ്രീ. ശശീന്ദ്രൻ.പി.കെ (അസിസ്റ്റന്റ് സെക്രട്ടറി ) |
| 1-26 | 4,245 | ശ്രീ.ബിജോയ്.സി.പി.<br>(മെഡിക്കൽ ഓഫീസർ-പി എച്ച് സി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.സന്തോഷ്.പി (അസിസ്റ്റന്റ് എഞ്ചിനീയർ) | അസിസ്റ്റന്റ് എഞ്ചിനീയർ<br>എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | പുനത്തുമ്മൽ (എച്ച്), കരിയാട് സൗത്ത് (പി ഒ)-673316 |
| ശ്രീ. ശശീന്ദ്രൻ.പി.കെ (അസിസ്റ്റന്റ് സെക്രട്ടറി) | അസിസ്റ്റന്റ് സെക്രട്ടറി,<br>എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് | ശ്രീചന്ദ്, കവിയൂർ, ചൊക്ലി |

| | | |
|---|---|---|
| ശ്രീ.ബിജോയ്.സി.പി, (മെഡിക്കൽ ഓഫീസർ പി എച്ച് സി) | മെഡിക്കൽ ഓഫീസർ- പിഎച്ച്സി,<br>എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് | അജോയ്, എടയന്നൂർ, കുറുച്ചിയിൽ (പി ഒ), തലശ്ശേരി – 670102 |
| | | |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെ എസ് എ /കെ എൻ ആർ / സി 7/776/2019<br>തീയതി 14.06.2019 | 1 | |
| 1999-00<br>(പദ്ധതി വിഹിതം ) | കെ എസ് എ /കെ എൻ ആർ / സി 7/776/2019<br>തീയതി 14.06.2019 | 3 | |
| 2002-03 | കെ എസ് എ /കെ എൻ ആർ / സി 7/776/2019<br>തീയതി 14.06.2019 | 1 | |
| 2003-04 | കെ എസ് എ /കെ എൻ ആർ / സി 7/776/2019<br>തീയതി 14.06.2019 | 2 | |
| 2007-08 | കെ എസ് എ /കെ എൻ ആർ / സി 7/776/2019<br>തീയതി 14.06.2019 | 3 | |
| 2008-09 | കെ എസ് എ /കെ എൻ ആർ / സി 7/776/2019<br>തീയതി 14.06.2019 | 3 | |
| 2009-10,<br>2010-11,<br>2011-12 | കെ എസ് എ /കെ എൻ ആർ / സി 7/776/2019<br>തീയതി 14.06.2019 | 1 | |
| 2013-14, | കെ എസ് എ /കെ എൻ ആർ / സി 7/776/2019 | 1 | |

| | | | |
|---|---|---|---|
| 2014-15 | തീയതി 14.06.2019 | | |
| 2015-16 | കെ എസ് എ /കെ എൻ ആർ / സി 7/776/2019 തീയതി 14.06.2019 | 2 | |
| 2016-17 | കെ എസ് എ /കെ എൻ ആർ / സി 7/776/2019<br>തീയതി 14.06.2019 | 5 | |
| 2017-18 | കെ എസ് എ /കെ എൻ ആർ /<br>സി 7/18/2019<br>തീയതി 01.08.2019 | 12 | |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/106/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail doknr.ksad@kerala.gov.in

ഫോൺ: 0497 2707698

തീയ്യതി:02.03.2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 RECEIPT & PAYMENT STATEMENT

| RECEIPT & PAYMENT STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule | Amount |

| | | No | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5183698.28 |
| Cash | Cash | RP-40(a) | 62493.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1859150.00 |
| 130000000 | Rental income from Panchayat Properties | RP-3 | 4000.00 |
| 140000000 | Fees & User Charges | RP-4 | 598031.00 |
| 150000000 | Sale & Hire Charges | RP-5 | 70714.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 34895399.00 |
| 171000000 | Interest Earned | RP-9 | 257300.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5256599.00 |
| 350000000 | Other Liabilities | RP-36 | 139667.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 58662.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 11960.00 |
| 180000000 | Other Income | RP-10 | 22692.00 |
| 311000000 | Earmarked Funds | RP-29 | 2461.00 |
| 330000000 | Secured Loans | RP-32 | 880589.00 |
| 340000000 | Deposits Received | RP-34 | 13950.00 |
| 350000000 | Other Liabilities | RP-36 | 1066214.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 13836247.00 |
| 460000000 | Loans, Advances and Deposits | RP-47 | 265070.00 |
| | Grand total | | 64484896.28 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2465710.00 |
| 220000000 | Administrative Expenses | RP-12 | 865109.00 |
| 230000000 | Operations & Maintenance | RP-13 | 1374035.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3111866.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 11554894.00 |
| | | | |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 582805.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 3529010.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 356680.00 |
| 255000000 | Maintenance Projects | RP-20 | 9227749.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 15.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000000.00 |
| 280000000 | Prior Period item | RP-26 | 77520.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 352093.00 |
| 350000000 | Other Liabilities | RP-36 | 4791936.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1286.00 |
| 330000000 | Secured Loans | RP-32 | 117141.00 |
| 340000000 | Deposits Received | RP-34 | 64375.00 |
| 350000000 | Other Liabilities | RP-36 | 1618792.00 |
| 410000000 | Fixed Assets | RP-38 | 1588345.00 |
| 412000000 | Capital work in Progress | RP-40 | 6020538.00 |
| 420000000 | Investments | RP-41 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 837065.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 14934821.28 |
| Cash | Cash | RP-40(b) | 13111.00 |
| | Grand Total | | 64484896.28 |

# അനുബന്ധം-2-2 INCOME & EXPENDITURE STATEMENT

| Eranholi Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5102228.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 4000.00 |
| 140000000 | Fee & User Charges | I-4(b) | 695081.00 |
| 150000000 | Sale & Hire Charges | I-5(b) | 70714.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 97056668.48 |
| 170000000 | Income from Investments | I-7 | 11960.00 |
| 171000000 | Interest Earned | I-8 | 257300.00 |
| 180000000 | Other Income | I-9 | 192527.00 |
| | Total Income | | 103390478.48 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9075082.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 869822.00 |
| 230000000 | Operations & Maintenance | I-12(b) | 1445522.00 |
| 240000000 | Interest & Finance Charges | I-13 | 1286.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4062716.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 18479630.48 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 582805.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3529010.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 49334780.00 |
| 255000000 | Maintenance Projects | I-14(e) | 9227749.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 24015.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| 272000000 | Depreciation | I-17(a) | 4788436.00 |
| | Total Expenditure | | 102420853.48 |
| | Gross Surplus/ Deficit of income over Expenditure | | 969625.00 |
| 280000000 | Prior Period Item | I-18 | 16136.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 953489.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 BALANCE SHEET

| Eranholi Grama Panchayat BALANCE SHEET<br>As on 31-March-2019 | | | |
|---|---|---|---|
| Code.No. | Description of Items | Schedule No. | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 6918118.19 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 42779.00 |
| 312000000 | Reserves | B-3 | 37026761.00 |
| | Total Reserve & Surplus | | 43987658.19 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2789415.09 |
| | Total Grants, Contributions for Specific Purposes | | 2789415.09 |
| | Loans | | |
| 330000000 | Secured Loans | B-5 | 763448.00 |
| | Total Loans | | 763448.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 808880.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1238862.00 |
| | Total Current Liabilities and Provisions | | 2047742.00 |
| | TOTAL LIABILITIES | | 49588263.28 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 50230269.00 |
| 411000000 | Accumulated Depreciation | B-11 | -16524278.00 |
| 412000000 | Capital Work in Progress | B-11(a) | 101716.00 |
| | Total Fixed Assets | | 33807707.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 63390.00 |
| 450000000 | Cash and Bank Balance | B-17 | 14947932.28 |
| 460000000 | Loans, Advances and Deposits | B-18 | 769234.00 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 15780556.28 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 49588263.28 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ